പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 388 28.05.2019 - ൽ മറുപടിക്ക്.

റേഷൻ വ്യാപാരികളുടെ പ്രതിഫലവും കമ്മീഷനും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി:** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പ്രതിഫലവും കമ്മീഷനും അടിക്കടി കുടിശ്ശികയാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വ്യാപാരികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | **(എ)** സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ഏപ്രിൽ മാസം വരെയുള്ള കമ്മീഷൻ വിതരണം നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ട്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ട്രഷറി നിയന്ത്രണങ്ങൾ ഉള്ളതിനാൽ ബില്ലുകൾ പാസ്സാകാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറി നിയന്ത്രണമുള്ള അവസരങ്ങളിൽ ബില്ലുകൾ ക്രമീകരിച്ച് വിതരണം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(ബി)** വ്യാപാരികൾക്ക് പ്രതിഫലവും കമ്മീഷനും യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | **(ബി)** വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് ആവശ്യമായ സ്റ്റേറ്റ്മെന്റ് എല്ലാ മാസവും 10-ാം തീയതിയ്ക്കകം തന്നെ ജില്ലകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ